Talented Bankers Literary Panel
പുസ്തക പരിചയം 160

പരിചയപ്പെടുത്തുന്നത്,
അമിത് കുമാർ,
ഫെഡറൽ ബാങ്ക്,
സോണൽ ഓഫീസ്,
കോട്ടയം.

തക്ഷൻകുന്ന് സ്വരൂപം
യു കെ കുമാരൻ

2016 ലെ വയലാർ അവാർഡ്, കേരള സാഹിത്യ അക്കാദമി അവാർഡ് എന്നിവയുൾപ്പെടെ പതിനാലു പുരസ്കാരങ്ങൾ ലഭിച്ച കൃതിയാണ് തക്ഷൻകുന്ന് സ്വരൂപം.

വടക്കേ മലബാറിലുള്ള തക്ഷൻ കുന്ന് എന്ന കുഗ്രാമത്തിൻ്റെ കഥ, രാമർ എന്ന വ്യക്തിയുടെ ജീവിതത്തിലൂന്നിക്കൊണ്ടു പറയുന്ന ഒരു നോവലാണ് തക്ഷൻകുന്ന് സ്വരൂപം എന്ന് ഒറ്റ വാക്യത്തിൽ വേണമെങ്കിൽ പറയാം.

നാട്ടിലെ വാഴുന്നോരുടെ മകളെക്കുറിച്ചു പറഞ്ഞ നിരുപദ്രവകരമായ ഒരു തമാശയുടെ പേരിൽ സ്കൂളിൽ നിന്ന് പുറത്താക്കപ്പെട്ട രാമറെ അച്ഛൻ മരത്തിൽ കെട്ടിയിട്ട് പൊതിരെ തല്ലുകയും തുടർന്ന് വീട്ടിൽ നിന്ന് ഒളിച്ചോടുന്ന രാമർ പാതിരാത്രി ആകാശം നോക്കിക്കിടന്ന് തൻ്റെ ദുരവസ്ഥയിൽ പരിതപിക്കുന്നിടത്തു നിന്നാണ് നോവൽ ആരംഭിക്കുന്നത്.

ഇരുപതാം നൂറ്റാണ്ടിൻ്റെ മൂന്നാം ദശകത്തിലാണ് നോവലിൻ്റെ തുടക്കം എന്നതിലാൽ സ്വാതന്ത്ര്യസമരകാലം സവിസ്തരം പ്രതിപാദിക്കപ്പെടുന്നുണ്ട് എന്നതു കൂടാതെ ഗാന്ധിജിയും കെ കേളപ്പനും മുഹമ്മദ് അബ്ദുറഹിമാൻ സാഹിബും മറ്റും കഥാപാത്രങ്ങളാവുകയും ചെയ്യുന്നുണ്ട്.

രാമറിൻ്റെ അനുഭവങ്ങളിലൂടെ പിച്ച വെക്കുന്ന നോവൽ മുന്നോട്ടു പോവും തോറും തക്ഷൻ കുന്നിലെ ഓരോ വ്യക്തികളുടേയും ജീവിതങ്ങളിലേയ്ക്ക് കടന്നു ചെല്ലുന്നു.

അങ്ങാടിയിൽ ചായക്കട നടത്തുന്ന മാതാമ്മ, നാടുവിട്ടുപോവുകയും പിന്നീട് മടങ്ങിയെത്തുകയും വീണ്ടും നാടുവിട്ടുപോവുകയും ചെയ്യുന്ന അവരുടെ മകൻ, നാട്ടിൻപുറത്തെ വൈദ്യനായ 'ദർസർ', അയാളുടെ കമ്പൗണ്ടർ, കുതിരവണ്ടിക്കാരൻ ഇമ്പിച്ചൻ, രാമറുടെ ഉറ്റചങ്ങാതിയായ തുന്നൽക്കാരൻ കുഞ്ഞിക്കേളു, സഹപാഠിയായ ചേക്കു, മെറ്റിൽഡ

ടീച്ചറും കേളപ്പനുമായുള്ള നിശബ്ദ പ്രണയം എന്നിങ്ങനെ വളരെ പതിയെ വിടരുന്ന ഒരു പൂവു പോലെ ഹൃദ്യമായിട്ടാണ് നോവൽ മുന്നോട്ടു പോവുന്നത്.

ഹൃദ്യം എന്നതു കൊണ്ട് സന്തുഷ്ടകരമായ സംഭവങ്ങളാണ് നോവലിൽ പ്രതിപാദിക്കുന്നത് എന്ന തെറ്റുധാരണ വേണ്ട. തികച്ചും തീക്ഷ്ണമായ ജീവിതാനുഭവങ്ങളാണ് വായനക്കാരെ കാത്തിരിക്കുന്നത്. അതിൽ ജാതിവിവേചനത്തിൻ്റെ രൂക്ഷതകളുണ്ട്, ദാരിദ്ര്യത്തിൻ്റെ ഭീകരതയുണ്ട്, ലിംഗവിവേചനത്തിൻ്റെ ക്രൂരതകളുണ്ട്.

ശരീരത്തിലെ എഴുപത്തൊൻപതാമത്തെ അവയവം പോലെ മൊബൈൽ ഫോൺ മാറിയിരിക്കുന്ന ഇക്കാലത്ത്, ആദ്യമായി ഒരു ബസ്, അതും ഡീസലിൽ ഓടുന്നതല്ല മറിച്ച് ആവിയിലോടുന്ന ബസ് ഒരു ഗ്രാമത്തിലെത്തുന്നതിൻ്റെയും അതിൽ ജനം സവാരി ചെയ്യുന്നതിൻ്റേയും വിശദാംശങ്ങൾ വായനക്കാരെ മറ്റൊരു ലോകത്തേക്കു തന്നെയാണ് എത്തിക്കുക.

കേളപ്പജി എന്ന നേതാവിനെ അടുത്തറിയാനും നോവൽ അവസരമൊരുക്കുന്നുണ്ട്. അദ്ദേഹത്തിലൂടെ ഗാന്ധിജി തക്ഷൻകുന്ന് സന്ദർശിക്കുകയും മറ്റൊരു കഥാപാത്രമായി മാറുകയും ചെയ്യുന്നുണ്ട്.

നോവൽ മുന്നോട്ടു പോകെപ്പോകെ ബാലനായ രാമർ യുവാവാകുകയും വിവാഹിതനും പിതാവുമൊക്കെ ആവുകയും ചെയ്യുന്നു.
രാമറുടെ ഭാര്യ കല്യാണി ശക്തയായൊരു സ്ത്രീ കഥാപാത്രമാണ്. നാണംകുണുങ്ങിയായിരുന്ന രാമറെ ഒരു 'പുരുഷനാ'ക്കുന്നത് കല്യാണിയാണ്. കല്യാണിയുടെ ഒരു ചെറു അഭിനന്ദനത്തെ തുടർന്ന് രാമർ സ്വാതന്ത്ര്യസമരത്തിലേയ്ക്കും പൊതുപ്രവർത്തനത്തിലേയ്ക്കും കടക്കുന്നു. രാമർ എങ്ങനെയാണ് കല്യാണിയെ വിവാഹം കഴിക്കുന്നതെന്ന കാര്യം നോവൽ വായിച്ചു തന്നെ ആസ്വദിക്കേണ്ടതാണ്.

അവതാരികയിൽ ഡോ. എം ജി എസ് നാരായണൻ പറയുന്നതു പോലെ തക്ഷൻകുന്ന് ഇതിഹാസം എന്ന് പേരിടേണ്ടിയിരുന്ന ഒരു നോവലാണിത്. കാരണം, തക്ഷൻ കുന്ന് എന്ന ഇത്തിരിപ്പോന്ന ഒരു ദേശത്തെയാണ് അതിൻ്റെ വികാസ പരിണാമ ദശകളെ കൃത്യമായി അടയാളപ്പെടുത്തി, അവിടെ ജീവിച്ച മനുഷ്യരുടെ ജീവിതഗതികളിലൂടെ ആ പ്രദേശത്തിന് ഒരു വ്യക്തിത്വം നൽകി മികച്ചൊരു നോവലായി ശ്രീ യു കെ കുമാരൻ പരിണമിപ്പിച്ചത്.

സാഹിത്യ പ്രവർത്തക സഹകരണ സംഘമാണ് പ്രസാധകർ.
വില 500 രൂപ.